പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

01.03.2017 -ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ.*81

## നോട്ട് അസാധുവാക്കൽ തൊഴിൽ മേഖലയിലുണ്ടാക്കിയ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ആർ.സുനിൽ കുമാർ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. കെ.രാജൻ: | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>( തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) നോട്ട് അസാധുവാക്കൽ തീരുമാനം സംസ്ഥാനത്തെ തൊഴിൽ മേഖലയിലുണ്ടാക്കിയ പ്രതിസന്ധി വിശദമാക്കുമോ;<br><br>(ബി) പ്രധാനമായും ഏതൊക്കെ തൊഴിൽ മേഖലകളെയാണ് പ്രസ്തുത തീരുമാനം രൂക്ഷമായി ബാധിച്ചതെന്ന് വ്യക്തമാക്കുമോ; | (എ)&(ബി) കറൻസി നിരോധനംമൂലം സംസ്ഥാനത്തെ പ്ലാന്റേഷൻ, കാഷ്യു, മത്സ്യ ബന്ധന- വിപണനം, നിർമ്മാണം, പ്ലൈവുഡ്, ടെക്സ്റ്റൈയിൽസ്-ചെറുകിട കച്ചവടം എന്നീ മേഖലകളിൽ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. പ്ലാന്റേഷൻ മേഖലയിൽ ബഹുഭൂരിപക്ഷം തൊഴിലാളികളെയും നോട്ടു പിൻവലിക്കൽ നടപടി സാരമായി ബാധിച്ചു. ശമ്പളം വിതരണം ചെയ്യാൻ പറ്റാത്ത സാഹചര്യം ഉണ്ടായപ്പോൾ സംസ്ഥാന സർക്കാർ ഇടപെടുകയും തൊഴിലുടമകൾ ട്രഷറികളിൽ നിന്നും ജില്ലാ കളക്ടർമാർ മുഖേന പണം പിൻവലിച്ച് ശമ്പള വിതരണം നടത്തുവാൻ നടപടി കൈക്കൊള്ളുകയും ചെയ്തു. കാഷ്യു, നിർമ്മാണ മേഖലകളിൽ തൊഴിലാളികൾക്ക് ബാങ്ക് അക്കൗണ്ട് ആരംഭിച്ച് ശമ്പള വിതരണത്തിന് നടപടി സ്വീകരിച്ചു. ശമ്പളം കൊടുക്കുവാൻ പ്രയാസം നേരിട്ടതിനാൽ മിക്ക കാഷ്യു ഫാക്ടറികളും ഈ കാലയളവിൽ പ്രവർത്തനം നിർത്തിവെച്ചു. നോട്ട് അസാധുവാക്കൽ തീരുമാനം തൊഴിൽ മേഖലയിൽ പൊതുവിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതിന് ഇടയായിട്ടുണ്ട്. |
| സി) പ്രസ്തുത തീരുമാനത്തിന് ശേഷമുള്ള കാലയളവിലെ തൊഴിൽനഷ്ടം എത്രത്തോളമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി)പ്ലൈവുഡ് മേഖലയിലെ തൊഴിൽ നഷ്ടമാണ് പ്രധാനമായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. നോട്ട് നിരോധനത്തിനു മുമ്പ് സാധാരണ ഗതിയിൽ 900 ലോഡ് വരെ അസംസ്കൃത തടി കൈകാര്യം ചെയ്തിരുന്നെങ്കിൽ നോട്ട് നിരോധനം ഉണ്ടായ സാഹചര്യത്തിൽ അത് 300 മുതൽ 400 ലോഡ് വരെ ആയി കുറയുകയും ടി മേഖലയിൽ 30 മുതൽ 40 ശതമാനം വരെ ജോലി ഇല്ലാതാവുകയും 25 ശതമാനത്തോളം വരുന്ന ഇതര സംസ്ഥാന തൊഴിലാളികൾ സ്വദേശത്തേയ്ക്ക് മടങ്ങി പോവുകയും ചെയ്തു. സ്കാറ്റേർഡ് മേഖലയിലെ കുറേയേറെ നിർമ്മാണ തൊഴിലാളികൾക്ക് ഈ കാലയളവിൽ ഒട്ടേറെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. കാഷ്യു മേഖലയിലും തൊഴിൽ നഷ്ടം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ